പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **4572**

28-06-2013 ൽ
മറു പടിയ്ക്ക്

## സി-ഡിറ്റിൽ പ്രൊമോഷൻ നൽകാത്ത നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) സി-ഡിറ്റിൽ ടെക്നിക്കൽ, അഡ്മിനിസ്ട്രേഷൻ, സയന്റിസ്റ്റ് എന്നീ വിഭാഗങ്ങളിലെ ജീവനക്കാർക്ക് പ്രമോഷൻ നൽകാതെ മുടങ്ങികിടക്കുന്ന അവസ്ഥയുണ്ടോ;<br><br>ബി) ഉണ്ടെങ്കിൽ എത്ര വർഷമായി മുടങ്ങികിടക്കുന്നു. ഇതിന്റെ കാരണ മെന്താണ്: | എ) & ബി) | ടെക്നിക്കൽ, അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലെ ജീവനക്കാർക്ക് പ്രമോഷൻ പോളിസി നിലവിലില്ല. സി.എസ്.ഐ.ആർ പാറ്റേണിലുള്ള സയന്റിസ്റ്റുമാരുടെ സമയബന്ധിത പ്രൊമോഷനുള്ള അപേക്ഷയൊന്നും മുടങ്ങി കിടക്കുന്നില്ല. |
| സി) ഇവരിൽ ഏതെങ്കിലും ഒരു ജീവനക്കാരന് മാത്രമായി 2013 ൽ പ്രൊമോഷൻ നൽകിയിട്ടുണ്ടോ:<br><br>ഡി) ഉണ്ടെങ്കിൽ ആയത് സർക്കാർ അനുമതിയോടെയാണോ നൽകിയിട്ടുള്ളത്:<br><br>ഇ) ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) ഡി) & ഇ) | സി-ഡിറ്റ് സർവീസ് റൂൾ പ്രകാരം ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തിന് വിധേയമായി 2006 മുതൽ 2011വരെയുള്ള സർവീസ് യോഗ്യതാകാലം പരിഗണിച്ച് ശ്രീ. കെ.എം. ഷാജഹാന് അസസ്മെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സയന്റിസ്റ്റ് - ബി ൽ നിന്നും സയന്റിസ്റ്റ് - സി. ആയി സ്ഥാനകയറ്റം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ